**File No.SJD-TVM/2/2021-F1**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :03/02/2021
Email -swdkerala@gmail.com
Phone : 0471 - 2306040

**സർക്കുലർ**

വിഷയം: സാമൂഹ്യനീതിവകുപ്പ് -ഡയറക്ടറേറ്റ് പൊതുജനങ്ങളിൽനിന്നും പണമോ പാരിതോഷികമോ ജീവനക്കാർ ആവശ്യപ്പെടുന്നുണ്ടെങ്കിൽ വിജിലൻസിനെ അറിയിക്കുന്നതിന് നോട്ടീസ് ബോർഡ് പ്രദർശിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന: വിജിലൻസ് (ഇ )വകുപ്പ് സെക്രട്ടറിയുടെ 02 /12 /2020 തീയതിയിലെ നം വി ജി ഇ 3 /237/2020 വി ജി സർക്കുലർ

സർക്കാർ ജീവനക്കാർ പൊതു ജനങ്ങളിൽ നിന്നും പണമോ പാരിതോഷികമോ ആവശ്യപ്പെടുന്നത് കുറ്റകരമാണെന്നും അങ്ങനെ ആരെങ്കിലും ആവശ്യപ്പെടുന്നുണ്ടെങ്കിൽ വിജിലൻസിനെ അറിയിക്കുന്നതിനായി വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അഡ്രസ്സ് ,ഫോൺ നമ്പർ എന്നിവ സഹിതമുള്ള നോട്ടീസ് ബോർഡ് എല്ലാ കാര്യാലയങ്ങളിലും പ്രദർശിപ്പിക്കണമെന്നും അഴിമതി സംബന്ധിച്ച പരാതി അറിയിക്കുന്നതിനായി വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിച്ച ടോൾ ഫ്രീ നമ്പർ കൂടി പ്രസ്തുത നോട്ടീസ് ബോർഡിൽ ഉൾപ്പെടുത്തണമെന്നും സൂചന പ്രകാരം നിർദേശിച്ചിരിക്കുന്നു .

മേൽ സാഹചര്യത്തിൽ എല്ലാ കീഴ് കാര്യാലയങ്ങളിലും അവരവരുടെ ജില്ല യുമായി ബന്ധപ്പെട്ട വിജിലൻസ് ആൻറ് ആന്റി കറക്ഷൻ ബ്യൂറോ യൂണിറ്റിന്റെ അഡ്രസ്സ് ,ഫോൺ നമ്പർ ,വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിച്ച ടോൾ ഫ്രീ നമ്പർ ആയ (1064, 8592900900) കൂടി ഉൾപ്പെട്ട ബോർഡ് പ്രദർശിപ്പിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്കുവേണ്ടി

എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും